## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **4950** | **27.06. 2019-** ൽ മറുപടിക്ക്

## നവകേരള സൃഷ്ടിക്കായി ആവിഷ്കരിച്ച പദ്ധതികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി.ജോസഫ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | പ്രളയത്തിന് മുമ്പ് ഉണ്ടായിരുന്ന കേരളമല്ല ഒരു പുതിയ കേരളമാണ് സൃഷ്ടിക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (എ) | പ്രളയത്തെ ധീരമായി അഭിമുഖീകരിച്ചതിനു ശേഷം, അടിയന്തിര രക്ഷാപ്രവർത്തനങ്ങൾക്കും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിയ സർക്കാർ തുടർന്ന് ഈ ദുരന്തത്തെ ഒരു വെല്ലുവിളിയായിക്കണ്ട് ഒരു നവകേരളം പടുത്തുയർത്തുന്നതിനും അതുവഴി സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുമായുള്ള പുനർനിർമാണ പ്രവർത്തനങ്ങളിലാണ് ശ്രദ്ധ പതിപ്പിച്ചിട്ടുള്ളത്.<br>കഴിഞ്ഞ സാമ്പത്തികവർഷത്തെ പദ്ധതി പുനക്രമീകരിച്ച് വിവിധ വകുപ്പുകൾ അടിയന്തര പുനർനിർമാണ പദ്ധതികൾ ഏറ്റെടുത്തു. നടപ്പ സാമ്പത്തിക വർഷത്തെ പദ്ധതിയിലും പ്രളയാനന്തര അടിയന്തര പുനർനിർമാണ പദ്ധതികൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.<br>പുനർനിർമാണ പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ രൂപപ്പെടുത്തുന്നതിനും ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവി (RKI)ന് രൂപം നൽകി.<br>പ്രളയത്തിൽ തകർന്ന സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനായുള്ള നയരേഖയായ കേരള പുനർനിർമാണ വികസന പരിപാടി (Rebuild Kerala Development Programme, RKDP)യുടെ കരട്, |

| | | | |
|---|---|---|---|
| | | | റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ നേതൃത്വത്തിൽ രൂപപ്പെടുത്തുകയും 21/05/2019-ൽ ചേർന്ന മന്ത്രിസഭായോഗം പ്രസ്തുത രേഖയ്ക്ക് അംഗീകാരം നൽകുകയും ചെയ്തു. ഭാവിയിൽ ഉണ്ടായേക്കാവുന്ന പ്രകൃതി ദുരന്തങ്ങളെക്കൂടി അതിജീവിക്കാനാകുന്നവിധം കരുത്തോടെയും പ്രകൃതിസൗഹൃദപരമായും അത്യന്താധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കേരളത്തെ പുനർനിർമിക്കുക എന്നതാണ് കേരള പുനർനിർമാണ വികസന പരിപാടി ലക്ഷ്യമിടുന്നത്. കേരള പുനർനിർമാണ വികസന പരിപാടി (RKDP) വിവിധ ഫണ്ടിങ് ഏജൻസികൾക്കു മുൻപാകെ അവതരിപ്പിച്ച് പദ്ധതികൾക്ക് സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. |
| (ബി) | സംസ്ഥാനത്ത് ഉണ്ടായ പ്രളയത്തിൽ ജനങ്ങളുടെ സ്വത്തിനുണ്ടായ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രളയത്തിലുണ്ടായ നാശനഷ്ടങ്ങൾ മേഖല തിരിച്ച് കണക്കാക്കുന്നതിനും ആവശ്യമായ പുനരുജ്ജീവന, പുനർനിർമാണ പ്രവർത്തനങ്ങൾ കണ്ടെത്തുന്നതിനും ലോകബാങ്ക്, ഐക്യരാഷ്ട്ര സംഘടന, യൂറോപ്യൻ യൂണിയൻ എന്നിവയുടെ നേതൃത്വത്തിൽ Post Disaster Need Assessment (PDNA) നടത്തിയിട്ടുണ്ട്. ഈ പഠനത്തിന്റെ റിപ്പോർട്ട് പ്രകാരം വിവിധ മേഖലകളിലായി മൊത്തം 26720 കോടി രൂപയുടെ നഷ്ടമാണുണ്ടായിട്ടുള്ളത്. ഈ നഷ്ടം മറികടക്കാനുള്ള പുനരുജ്ജീവന പ്രവർത്തനങ്ങൾക്കായി മൊത്തം 31,000 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. |
| (സി) | കൂടുതൽ കേന്ദ്ര വിഹിതം അനുവദിപ്പിക്കുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; | (സി) | പ്രളയാനന്തരം, അടിയന്തര സഹായമായി കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽനിന്നും 2904.85 കോടി രൂപ സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ തദ്ദേശസ്വയംഭരണം, കൃഷി, ഗ്രാമവികസനം, ദുരന്തനിവാരണം തുടങ്ങിയ |

| | | | |
|---|---|---|---|
| | | | വിവിധ വകുപ്പുകൾ കൂടുതൽ സഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ കേന്ദ്രസർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറി പ്രളയം മനുഷ്യ നിർമ്മിതമാണെന്ന് കണ്ടെത്തി ഹൈക്കോടതിയിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇത് പ്രളയത്തിന് അടിസ്ഥാനമായ കാരണം സംബന്ധിച്ച സർക്കാരിന്റെ കണ്ടെത്തലുകൾക്ക് കടകവിരുദ്ധമായത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറി ബഹു. ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഈ റിപ്പോർട്ടിനോട് പൊതുവെ യോജിക്കാൻ സാധിക്കില്ല എന്ന നിലപാടാണ് സർക്കാരിന് ഉള്ളത്. ബഹു. ഹൈക്കോടതി മുൻപാകെ സർക്കാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതുപോലെ, 2018 ഓഗസ്റ്റിലെ വെള്ളപ്പൊക്കം അതിതീവ്രമായ മഴ കാരണമാണ്. ഇന്ത്യയിലെ നദികളിലെ പ്രളയനിയന്ത്രണം, ജലസേചനം, ജലഗതാഗതം, കുടിവെള്ള വിതരണം, ജലവൈദ്യുതോൽപാദനം തുടങ്ങിയവയുടെ നിയന്ത്രണം, പരിപാലനം, വിനിയോഗം എന്നിവയ്ക്ക് ആധികാരികമായി ചുമതലപ്പെടുത്തിയിരിക്കുന്നത് കേന്ദ്ര ജലവിഭവ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേന്ദ്ര ജലകമ്മീഷനെയാണ്. കേന്ദ്ര ജലകമ്മീഷൻ കേരളത്തിലെ പ്രളയത്തെക്കുറിച്ച് ആഴത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിൽ 2018 ഓഗസ്റ്റ് 8,9,15,16,17 തീയതികളിൽ കേരളത്തിൽ പെയ്ത അതിതീവ്രമഴയാണ് പ്രളയത്തിന് കാരണമായതെന്ന് പരാമർശിക്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**